(എ) വിളപ്പിൽ മലേറിയ ഡിസ്പെൻസറി ഒരു ആശുപത്രിയായി ഉയർത്തുവാൻ പൊതുജനങ്ങൾ അഭ്യർത്ഥിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി

(ശ്രീ.എ. ജെ. ജോൺ):(എ)അങ്ങിനെ പൊതുജനങ്ങൾ അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി.) അതേപ്പറ്റി ഗവണ്മെണ്ട് ആലോചിച്ചു കൊണ്ടിരിക്കുകയാണ്.

ശ്രീ: റ്റി. റ്റി. കേശവൻശാസ്ത്രി: ഈ ഡിസ്പെൻസറി എന്നു തുടങ്ങി?

ശ്രീ. എ. ജെ. ജോൺ: എന്നു തുടങ്ങിയെന്നു ഇപ്പോൾ പറയുവാൻ നിവർത്തിയില്ല.

ശ്രീ. റ്റി. റ്റി. കേശവൻശാസ്ത്രി: ഉദ്ദേശം എത്ര വർഷമായി എന്നു പറയാമോ?

ശ്രീ. എ. ജെ. ജോൺ: അതിനും നിവർത്തിയില്ല.

ശ്രീ. എൻ. കെ. കുഞ്ഞുപിള്ള: ഈ ഡിസ്പെൻസറിക്ക് പ്രത്യേകമായി ഡാക്ടറെ നിയമിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഇല്ല.

ബി. സി. ജി. കുത്തിവയ്പ്

*൪൪൦. (ഫന്നു) ശ്രീ. പീലിപ്പോസ് മുതലാളി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട മെഡിക്കൽവകുപ്പുമന്ത്രി മറുപടി നൽകുമോ.—

(എ) ഫെബ്രുവരി ൩൦ അവസാനംവരെ എത്ര കേന്ദ്രങ്ങളിൽ ബി. സി. ജി. കുത്തിവയ്പ് നടത്തിയിട്ടുണ്ട്;

(ബി) ഫെബ്രുവരി മുതൽ എത്ര കേന്ദ്രങ്ങളിൽ നടത്തുവാൻ ഉദ്ദേശിക്കുന്നു; എവിടെയെല്ലാം?

കുത്തിവയ്പ് നടത്തിയിട്ടുള്ള കേന്ദ്രങ്ങളിൽ എത്രശതമാനം ആളുകൾക്കു രോഗലക്ഷണങ്ങൾ ഉള്ളതായി വെളിപ്പെട്ടിട്ടുണ്ട്?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി

(ശ്രീ. എ. ജെ. ജോൺ): (എ) ഫെബ്രുവരി ൩൦ അവസാനംവരെ ൯൯ കേന്ദ്രങ്ങളിൽ ബി. സി. വാക്സിനേഷൻ നടത്തിയിട്ടുണ്ട്.

(ബി) ഫെബ്രുവരി മുതൽ പൂജിക്കുന്നു, തിരുവല്ല, ആലപ്പുഴ, ചേർത്തല, ഹരിപ്പാട്, തൃശ്ശൂർ, കൽക്കുളം വിളവംകോട്, നെയ്യാറ്റിൻകര, പറവൂർ എന്നീ ൧൦ സ്ഥലങ്ങളിൽ ബി. സി. ജി. വാക്സിനേഷൻ നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) കുത്തിവയ്പ് നടത്തിയിട്ടുള്ള കേന്ദ്രത്തിൽ എത്ര പേർക്കു രോഗലക്ഷണം ഉണ്ടെന്നു് അറിയാൻ സാധ്യമല്ല.

ശ്രീ. പീലിപ്പോസ് മുതലാളി: രോഗം കണ്ടതിനു ശേഷമാണോ കുത്തിവയ്പു നടത്തുന്നതു്, അതോ പ്രിവൻഷൻ നടപടി ആയിട്ടാണോ?

ശ്രീ. എ. ജെ. ജോൺ: പ്രിവൻഷൻ നടപടി ആയിട്ടാണു്.

PLACES OF PUBLIC WORSHIP

*451. [17] **Sri. Paul Thaliath:** Will the Hon'ble the Chief Minister be pleased to state.—

(*a*) whether the Government have any intention to remove the existing restrictions on the construction of places of public worship and cemeteries;

(*b*) whether it is a fact that no such restrictions exist in any of the other States of India; and

(*c*) if the answer to (*b*) is in the affirmative, the reasons for continuing certain restrictions here?

LIBRARY ARCHIVES Kerala Legislative Assembly